# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

**ശാന്താവേണുഗോപാൽ മെമ്മോറിയൽ**

**ഗവൺമെന്റ് യു.പി.സ്കൂൾ എടത്തോട്**

## ആമുഖം

1984-ൽ ജി.എൽ.പി.എസ് .എടത്തോട് എന്ന പേരിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം.യശ്ശ:ശരീരനായ ശ്രീ ചേരിപ്പാടി കഞ്ഞിക്കണ്ണൻ നായർ അദ്ദേഹത്തിന്റെ അകാലത്തിൽ ചരമമടഞ്ഞ മകൾ ശാന്തവേണുഗോപാലിന്റെ ഓർമയ്ക്കായി സ്കൂൾ കെട്ടിടവും ഉപകരണങ്ങളും നിർമ്മിച്ചു നൽകി. വിദ്യാഭ്യാസ തൽപരനായ അദ്ദേഹത്തിന്റെ മകളുടെ നാമധേയത്തിൽ പിന്നീട് സ്കൂളിന്റെ പേര് ശാന്താവേണുഗോപാൽ മെമ്മോറിയൽ ഗവ.എൽ.പി.സ്കൂൾ എടത്തോട് എന്നാക്കി മാറ്റുകയും ചെയ്തു. 2014-15 അധ്യയനവർഷത്തിൽ യു.പി.സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. കാഞ്ഞങ്ങാട് ശാന്തവേണുഗോപാൽ മെമ്മോറിയൽ എഡ്യൂക്കേഷണൽ ട്രസ്റ്റ് സ്കൂളിലെ കുട്ടികൾക്ക് പഠനോപകരണങ്ങളും ബാഗ്,കുട എന്നിവ സൗജന്യമായി നൽകിക്കൊണ്ടിരിക്കുന്നു.. കൂടാതെ ഇവിടെ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് ശാന്താവേണുഗോപാൽ മെമ്മോറിയൽ ക്ലിനിക്കും പ്രവർത്തിച്ചു വരുന്നു. ശാന്താവേണുഗോപാൽ മെമ്മോറിയൽ എജ്യൂക്കേഷമൽ ട്രസ്റ്റിന്റെ സഹായത്തോടു കൂടി എല്ലാ കുട്ടികൾക്കും എല്ലാ ദിവസവും പാലും മുട്ടയും നൽകി വരുന്നു.സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായ എടത്തോട് ഗ്രാമത്തിലെ വിളക്കായി ഈ വിദ്യാലയം വിരാജിക്കുന്നു. 2025-26 അധ്യയന വർഷത്തിൽ പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ്സുവരെ 230 കുട്ടികൾ പഠിക്കുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ - പൊതു ലക്ഷ്യങ്ങൾ

* വിദ്യാലയത്തിലെ ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.

* ഓരോ കുട്ടിയുടെയും അഭിരുചി തിരിച്ചറിഞ്ഞ് പ്രോത്സാഹനം നൽകുക.

* കുട്ടികളിൽ ജനാധിപത്യബോധം, ശുചിത്വം, പാരിസ്ഥിതികാവബോധം എന്നിവ വളർത്തിയെടുക്കുക.

* വിഷയബന്ധിതമായ ശേഷികൾ കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുകയും ഉറപ്പാക്കുകയും ചെയ്യുക.

* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് എല്ലാവിധ പിന്തുണയും ഉറപ്പാക്കുക.

* വിവരവിനിമയ സാങ്കേതിവിദ്യ കൈവരിക്കുക.

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എസ്.വി.എം.ജി.യു.പി.എസ്.എടത്തോട് |
| സ്ഥാപിതം | : | 1984 |
| സ്കൂൾ കോഡ് | : | 12403 |
| ഇ മെയിൽ | : | 12403edathod@gmail.com |
| ഫോൺ | : | 04672254855 |
| പഞ്ചായത്ത് | : | ബളാൽ |
| വാർഡ് | : | 1 എടത്തോട് |
| വില്ലേജ് | : | പരപ്പ |
| ബ്ലോക്ക് | : | പരപ്പ |
| താലൂക്ക് | : | വെള്ളരിക്കുണ്ട് |
| ഉപജില്ല | : | ചിറ്റാരിക്കാൽ |
| ബി.ആർ.സി. | : | ചിറ്റാരിക്കാൽ |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞങ്ങാട് |
| റവന്യു ജില്ല | : | കാസറഗോഡ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എൽ.പി

## ക്ലാസ്സ് - 1 ഭാഷ

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാട്ടരങ്ങ് | * പഠനതാല്പര്യം വളർത്തുക<br>* പഠനം ആസ്വാദ്യകരമാക്കുക<br>* വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുക<br>* സദസ്സിനു മുമ്പിൽ അവതരിപ്പിക്കുക | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |
| സംയുക്ത ഡയറി | * സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക.<br>* കുട്ടികളുടെ അനുഭവങ്ങൾ ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.<br>* തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുക. | ജൂലൈ- മാർച്ച് | ക്ലാസ് ടീച്ചർ | |
| വായനോത്സവം | * പുസ്തകശേഖരം ഉണ്ടാക്കുക<br>* രക്ഷിതാക്കളെ പങ്കാളിയാക്കുക.<br>* കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക<br>* വാചിക അവതരണ ശേഷി വികസിപ്പിക്കുക<br>* ആശയഗ്രഹണവായന, ആസ്വാദ്യവായന ഇവ പ്രോത്സാഹിപ്പിക്കുക | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | CPTA |
| നിർമാണ ശില്പശാല | * പരിസ്ഥിതി സൗഹാർദ്ദമായ കളിയു കരണങ്ങൾ രിചയപ്പെടുത്തുക<br>* പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക | ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>SRG<br>CPTA | PTA |

| | | | | |
|---|---|---|---|---|
| | * കലാപരമായ ശേഷിയും കരവിരുതും വർദ്ധിപ്പിക്കുക | | ക്ലാസ് ടീച്ചർ<br>SRG | PTA |
| റീഡേഴ്സ് തിയറ്റർ | * ഭാവം, ശബ്ദവ്യതിയാനം എന്നിവയോടെ ഉറക്കെ വായിക്കുക | | ക്ലാസ് ടീച്ചർ | |
| രചനോത്സവം | * ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തെരെഞ്ഞെടുക്കുക.<br>* ആഴ്ചയിൽ ഒന്നു വീതം കുട്ടികൾക്ക് ലഭ്യമാക്കുക.<br>* രക്ഷിതാക്കളുെട പിന്തുണയോടെ രചന നടത്തുക.<br>* സ്വതന്ത്രരചന<br>* എല്ലാ കുട്ടികളുടെയും രചന ചേർത്ത് കുഞ്ഞെഴുത്ത്. | ജനുവരി-മാർച്ച് | ക്ലാസ് ടീച്ചർ | |

## ക്ലാസ്സ് - 1 ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതകേളികൾ | * ഗണിതത്തിൽ താല്പര്യം വളർത്തുക<br>* എണ്ണാനും എഴുതാനും പ്രാപ്തരാക്കുക<br>* സംഖ്യാബോധം | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |
| മഞ്ചാടി സഞ്ചി, എന്റെ കുഞ്ഞു പുസ്തകം | * മഞ്ചാടി, പുളിങ്കുരു, തീപ്പെട്ടി, ഈർക്കിൽ തുടങ്ങി എണ്ണാനും കൂട്ടങ്ങളാക്കാനും ഉതകുന്ന തരത്തിലുള്ള സാമഗ്രികൾ ശേഖരിച്ചു വയ്ക്കുക | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | CPTA |
| | | | | |

## ക്ലാസ്സ് - 1 പരിസരപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യുക | * പരീക്ഷണ താല്പര്യം വളർത്തിയെടുക്കുക<br>* ശസ്ത്രാഭിരുചി വളർത്തിയെടുക്കുക<br>* നിഗമനങ്ങളിൽ എത്തിച്ചേരുക | | ക്ലാസ് ടീച്ചർ | |
| ഫീൽഡ് ട്രിപ്പ് | * നിരീക്ഷണങ്ങളിലൂടെ നിഗമനങ്ങലിൽ എത്തിച്ചേരുക<br>* അന്വേഷണ ത്വര വളർത്തിയെടുക്കുക<br>* പരിസരവുമായി ഇഴുകിച്ചേർന്ന് പഠിക്കുക | | ക്ലാസ് ടീച്ചർ<br>SRG<br>CPTA | |

## ക്ലാസ്സ് - 1 ഇംഗ്ലീഷ്

| Activities | Objective | Duration | Responsibility | Financial aid |
|---|---|---|---|---|
| Games, Action songs, | To develop listening skills | June - March | Class teacher | |
| Identify the action words, Identify pictures, School assembly, Riddles.. etc | Speaking skill | June - March | Class teacher | |
| Book reading, Library book reading, Reading card reading | To develop Reading skill | june - March | Class teacher | PTA |
| Add more lines<br>Make riddles<br>Picture discription..ctc.. | To Develop writing skill | July- March | Class teacher | |

## ക്ലാസ്സ് -2- ഭാഷ

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തും കുത്തും (രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ) | * ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവുകൾ രൂപപ്പെടുത്തിയെടുക്കുക | ഒക്ടോബർ-നവംബർ | ക്ലാസ് ടീച്ചർ<br>അധ്യാപകർ<br>SRG<br>SMC | |
| ലഘു പതിപ്പുകൾ തയ്യാറാക്കൽ | * ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവുകൾ രൂപപ്പെടുത്തിയെടുക്കുക | ഡിസംബർ | ക്ലാസ് ടീച്ചർ<br>SRG<br>MPTA | |
| രചനാശില്പശാല,കഥ,കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | * സർഗാത്മക സൃഷ്ടികൾ തയ്യാറാക്കുക | ഡിസംബർ-ജനുവരി | ക്ലാസ് ടീച്ചർ<br>അധ്യാപകർ<br>SRG<br>ക്ലബ്ബുകൾ ,പ്രമുഖ വ്യക്തികൾ | PTA |

## ക്ലാസ്സ് -2 ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു ദിനം ഒരു ചോദ്യം കുസൃതി കണക്കുകളും ഗണിതഫലുകളും പരിചയപ്പെടൽ | ഗണിത ചിന്താശേഷി വളർത്തൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഗണിത ക്യാമ്പ് ഗണിതം കളികളിലൂടെ | ഗണിത ചിന്താശേഷി വളർത്തൽ | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | PTA |

# ക്ലാസ്സ്- 2 പരിസരപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ സർവ്വെ<br>പോസ്റ്റർ രചനാ മത്സരം | * ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിച്ചെടുക്കുക | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>CPTA | SMC |
| ഫീൽഡ് ട്രിപ്പ്<br>പ്രകൃതി നടത്തം<br>കാഴ്ച ബംഗ്ലാവിലേക്ക് | * പ്രകൃതിയെ അറിയുക | സെപ്തംബർ-ഡിസംബർ | ക്ലാസ് ടീച്ചർ<br>SRG<br>CPTA | |
| നാടറിയാൻ<br>*കർഷകരുമായി അഭിമുഖം<br>* കൃഷിയിടത്തിലേക്ക് | * നാട്ടറിവുകൾ ശേഖരിക്കുക | ജനുവരി | ക്ലാസ് ടീച്ചർ<br>SRG<br>CPTA | |

# ക്ലാസ്സ് - 2 ഇംഗ്ലീഷ്

| Activities | Objective | Duration | Responsibility | Financial aid |
|---|---|---|---|---|
| Let’s talk...<br>പ്രതിഭാധനരുമായി സംവദിക്കൽ | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കുക | മൂന്ന് മാസത്തിലൊരിക്കൽ | Class Teacher<br>SRG<br>SMC | SSK |
| English ബാലസഭ | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കുക | മാസത്തിൽ ഒന്ന് | Class Teacher<br>SRG<br>SMC | SSK |
| English അസംബ്ലി<br>(One day English) | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കുക | ആഴ്ചയിൽ ഒന്ന് | Class Teacher<br>SRG | SSK |

## ക്ലാസ്സ് -3 - ഭാഷ

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളെ കുറിച്ചുള്ള ഡോക്യുമെൻററി പ്രദർശനം<br>പുസ്തക ശേഖരണവും പ്രദർശനവും<br>ചിത്ര ഗ്യാലറി | സാഹിത്യ പ്രതിഭകളെ അടുത്തറിയാം | ജൂൺ മുതൽ സെപ്റ്റംബർ | SRG<br>CLASS TEACHER | |
| പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>വായനാക്കളരി നാട്ടുവായന<br>പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | വായന പരിപോഷണം | സെപ്റ്റംബർ മുതൽ ഡിസംബർ | SRG<br>CLASS TEACHER | |

## ക്ലാസ്സ് - 3 -ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒറിഗാമി ശില്പശാല<br>രസകരമാി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും .<br>ഒറിഗാമി-ടാൻഗ്രാം രൂപങ്ങൾ നിർമിക്കൽ, പ്രദർശിപ്പിക്കൽ | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയുക | ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>PTA | |
| ഗണിതോത്സവം<br>മെട്രിക് മേള | ഗണിതം കളികളിലൂടെ രസകരമാക്കുക | ജനുവരി | ക്ലാസ് ടീച്ചർ<br>SRG | |

# ക്ലാസ്സ് - 3-പരിസരപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഫീൽഡ് ട്രിപ്പ് ( സ്കൂളും പരിസരത്തുമുള്ള സസ്യങ്ങൾ നിരീക്ഷിച്ച് തരംതിരിക്കുന്നു) | നിരീക്ഷണം , തരംതിരിക്കൽ വിവിധ തരം സസ്യങ്ങൾ നിരീക്ഷിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ HM | |
| ലഘുപരീക്ഷണങ്ങൾ ചെയ്ത് കുറിപ്പു തയ്യാറാക്കുന്നു. | ശാസ്ത്രാവബോധം വളർത്തുക | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| വിവിധ ജലസ്രോതസ്സുകൾ കണ്ടെത്തൽ, ജൈവ വൈവിധ്യ പാർക്ക് നിർമാണം | പ്രകൃതി വിഭവ സംരക്ഷണം | ജൂലൈ - ഡിസംബർ | ക്ലാസ് ടീച്ചർ SRG PTA | |
| ശാസ്ത്രോത്സവം ( പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- പ്രദർശനം) | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG | PTA |

## ക്ലാസ്സ് - 3 ഇംഗ്ലീഷ്

| Activities | Objective | Duration | Responsibility | Financial aid |
|---|---|---|---|---|
| Games, Action songs, Hello english activities, conversations, use ICT | To develop listening skills | June - March | Class teacher | |
| Identify the action words, Identify the naming words in the pictures, Make simple sentences using the word about picture, Growing sentences, Picture reading, School assembly, Riddles.. etc | Speaking skill | June - March | Class teacher | |
| Text Book reading, Library book reading, Reading card reading, Rhyming words | To develop Reading skill | june - March | Class teacher | |
| Make word web<br>Add more lines<br>Make riddles<br>Conversations<br>Picture discription..ctc.. | To Develop writing skill | July- March | Class teacher | |

## ക്ലാസ്സ് -4- ഭാഷ

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | | ക്ലാസ് ടീച്ചർ | |
| ക്ലാസ് വായന കൂട്ടം പുസ്തക പരിചയം വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം ആനുകാലിക വായന | വായനശേഷി വളർത്തൽ | | ക്ലാസ് ടീച്ചർ | |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | എഴുത്ത് പരിപോഷിപ്പിക്കൽ | | ക്ലാസ് ടീച്ചർ | |

# ക്ലാസ്സ് -4-ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ-നടപ്പാക്കൽ മൂല്യനിർണയം (ഏണിയും പാമ്പ ഡയസ് കളി സങ്കലനം , വ്യവകലനം (കച്ചവടക്കളി) | ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൾ | വർഷം മുഴുവൻ | CLASS TEACHER | |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കര ചലനശേഷി വികാസം<br>ഗണിത പഠന പ്രവർത്തനം സ്വകാര്യമാക്കൽ | വർഷം മുഴുവൻ | | |

# ക്ലാസ്സ് -4-പരിസരപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഫീൽഡ് ട്രിപ്പ് | നീരീക്ഷണം- ആവാസ വ്യവസ്ഥകൾ നീരീക്ഷണം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>HM | |
| ശാസ്ത്ര വിസ്മയച്ചുമർ ( ശാസ്ത്രവുമായി ബന്ധപ്പെട്ട | ശാസ്ത്രപഠനം രസകരമാക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ചിത്രങ്ങളും, വാർത്തകളും പ്രദർശിപ്പിക്കൽ) | | | | |
| ഭൂപടമൊരുക്കാം<br>ഭൂപടവായന<br>ഭൂപട രചന<br>സൂചിക നിർമാണം | കേരളം, ഇന്ത്യ<br>ഭൂപടവായന- സൂചിക പരിചയപ്പെടൽ | വാർഷികം | ക്ലാസ് ടീച്ചർ | |
| ശാസ്ത്രമൂല (ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണം ചെയ്യൽ ) | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | വാർഷികം | ക്ലാസ് ടീച്ചർ<br>SRG | |
| ശാസ്ത്രോത്സവം ( പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- പ്രദർശനം) | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG | PTA |

## ക്ലാസ്സ് -4-ഇംഗ്ലീഷ്

Aim : To speak, Read & write English without any mistakes

| Activities | Objective | Duration | Responsibility | Financial aid |
|---|---|---|---|---|
| Games, Action songs, Hello english activities, conversations, use ICT | To develop listening skills | June - March | Class teacher | |
| Identify the action words, Identify the naming words in the pictures, Make simple sentences using the word about picture, Growing sentences, | Speaking skill | June - March | Class teacher | |

| | | | | |
|---|---|---|---|---|
| Picture reading, School assembly, Riddles.. etc | | | | |
| Text Book reading, Library book reading, Reading card reading, Rhyming words | To develop Reading skill | june - March | Class teacher | |
| Make word web<br>Add more lines<br>Make riddles<br>Conversations<br>Picture discription..ctc.. | To Develop writing skill | June- March | Class teacher | |

# എൽ.പി.അറബിക്

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **അറബിക് മധുരം**<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുന്ന അധ്യാപകരുടെ സാന്നിധ്യത്തിൽ ചെയ്യുക | അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | രണ്ട് മാസം | ബിആർസി ,ഡയറ്റ് ,പൂർവ്വ വിദ്യാർത്ഥികൾ | |
| **വായനാലോകം**<br>അറബിക് ലൈബ്രറി പുസ്തകങ്ങൾ ചിത്രകഥ (അറബിക് )കഥാ പുസ്തകം (അറബിക്) കുട്ടിക്കവിതകൾ (അറബിക് )ചെറിയ | കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ നല്ല വായനക്കാരൻ ആക്കുക | 6 മാസം | അറബിക് അധ്യാപകർ, റിട്ടയർ ചെയ്ത് നാട്ടിലെ അറബി ഭാഷാ അധ്യാപകർ ഭാഷാ സ്നേഹികൾ | |

| | | | | |
|---|---|---|---|---|
| വിവരണങ്ങൾ (അറബിക്) ക്ലാസ് വായന ഓരോ അറബിക് പീരിയഡിലും ആദ്യ 5 മിനിറ്റിൽ ഒരാൾ ബുക്കിന്റെ ഒരു പേജ് വായിക്കുക വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക കൂടുതൽ ബുക്ക് വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക | | | | |
| **നല്ല എഴുത്ത്** അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത്(നസ്ഖ് രിഖഅ) ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് സീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ | _കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | 1 വർഷം | അറബിക് അധ്യാപകർ | |
| അറബിക് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക ,ചെറിയ വാർത്തകൾ കുറിപ്പുകൾ എന്നിവ വായിക്കുക | ഭാഷയുടെ പ്രയോഗിക്കാനുള്ള കഴിവ് വികസിപ്പിക്കുക | 1 വർഷം | അറബിക് അധ്യാപകർ | |
| എഴുത്തിന്റെ ലോകം ക്ലാസ് മാസിക നിർമ്മാണം, ചുമർ പത്രിക നിർമ്മാണം ,വായന കാർഡ് നിർമ്മാണം | സ്വതന്ത്ര രചനയിലേക്ക് നയിക്കുക | 6 മാസം | അറബിക് അധ്യാപകർ | |

# യു.പി.വിഭാഗം

## ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശിൽപ്പശാല<br>നമ്പർ കാർഡ് ,മഞ്ചാടി കുരു,വിവിധ രൂപങ്ങൾ ,ഫ്ലഷ് കാർഡ് എന്നിവ ഉപയോഗിക്കുന്നു.കളി രീതിയിലൂടെ അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | അടിസ്ഥാന ഗണിത<br>ക്രിയകൾ എല്ലാ പഠിതാക്കളിലും ഉറപ്പ് വരുത്തുന്നു | ജൂൺ, ജൂലൈ ,<br>ആഗസത് മാസങ്ങളിൽ | ഗണിത അധ്യാപകൻ | BRC |
| ഓരോ പഠന പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുമ്പെ കുട്ടികൾക്ക് താൽപ്പര്യം ജനിപ്പിക്കുന്ന രീതിയിലുള്ള കുസൃതി കണക്കുകൾ ചോദിക്കുന്നു. | ഗണിത പഠനത്തിൽ താൽപ്പര്യം | എല്ലാ ദിവസവും | ഗണിത അധ്യാപകൻ | |
| സ്കൂളിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജികരിച്ച് അവിടെ വച്ച് ക്ലാസ്സ് നടത്തുന്നു | ഗണിത പഠനപ്രവർ ത്തനങ്ങൾ സുഗമാക്കൽ | എല്ലാ ദിവസവും | ഗണിത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ഐ ടി സാധ്യതകൾ<br>ജിയോജിബ്ര പോലുള്ള സോഫ് റ്റ് വെയുകൾ ഉപയോഗിച്ച് സ്കൂളിലെ IT ലാബ് സൗകര്യങ്ങൾ ഉപയോഗിച്ച് ഗണിത പഠനം എളുപ്പമാക്കാം | ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗണിത | ആവശ്യനുസരണം | ഗണിത അധ്യാപകൻ | |
| ഗണിത പാർക്ക് ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഗണിത പാർക്ക് നിർമ്മിക്കൽ | ഗണിത മധുരം | ജനവരി | **SRG** | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന 5 6 7 ക്ലാസുകളിലെ കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു ഗണിതത്തിൽ പ്രത്യേക താൽപര്യവും നല്ല കഴിവുമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു ഗണിതത്തിൽ മുന്നോക്കം നിൽക്കുന്നവർക്കും കൂടുതൽ ഉയരങ്ങളിൽ എത്തിക്കൽ | ആഴ്ചയിൽ ഒന്നോ രണ്ടോ പിരീഡ്<br><br>ആഴ്ചയിൽ ഒരു പിരീഡ് | **SRG** | |
| ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എസ്ആർജിയിൽ രൂപപ്പെടുത്തി സംഘടിപ്പിക്കുന്നു | ഗണിത ദിനാചരണങ്ങളിലൂടെ ശേഷികളുടെ വികസനം | ആവശ്യാനുസരണം | **SRG** | |

## അടിസ്ഥാന ശാസ്ത്രം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രദേശികമായി സ്കൂൾ പരിസരവും ചുറ്റുപാടും നിരിക്ഷിക്കുകയും വൈവിധ്യമാർന്നതും വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കാണുവാനും പട്ടികപ്പെടുത്തുവാനും സാധിക്കുന്നു | ജിവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റു പാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | അക്കാദിമിക വർ ഷം | ശാസ്ത്രധ്യാപകൻ | |
| ജൈവ വൈവിധ്യ ഉദ്യോനം നിർമ്മിക്കുന്നു സ് കൂൾ പച്ചക്കറിത്തോട്ടമൊരുക്കി സ് കൂൾ ഭക്ഷണത്തിനായുള്ള ജൈവ പച്ചക്കറിയുണ്ടാക്കുന്നു | ശാസ് ത്രീയ മായി കൃഷി പരിപാലിക്കുന്നതിന് | അക്കാദിമിക വർഷം ആഗസ്റ്റ്-നവംബർ | PTA<br>രക്ഷിതാക്കൾ | |
| പടന്നക്കാട് കാർഷിക ഗവേഷണകേന്ദ്രത്തിലേക്ക് പഠനയാത്ര | ബഡ്ഡിങ്,ഗ്രാഫ്റ്റിങ് ,ലയറിങ്ങ്, വർഗ്ഗ സങ്കരണം എന്നിവയിലൂടെ | ജൂൺ | | PTA |
| കുട്ടികളെ ഗ്രൂപ്പായി തിരിച്ച് ബഡ്ഡിങ്,ഗ്രാഫ്റ്റിങ് ,ലയറിങ്ങ് എന്നിവ കണ്ടു മനസ്സിലാക്കുന്നതിനും, ചെയ്തു പഠിക്കുന്നതിനും വേണ്ട് പടന്നക്കാട് കാർഷിക കോളേജിലേക്ക് യാത്ര നടത്തുന്നു | ശാസ് ത്രിയമായി മികച്ച തൈച്ചെടികൾ ഉണ്ടാക്കുന്നതിന് | ജൂൺ - ജൂലൈ | ശാസ്ത്രധ്യാപകൻ | |
| **പരീക്ഷണക്കളരി**<br>നിത്യജിവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരിക്ഷണങ്ങൾ നടത്തുന്നു .<br>പരിക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു | ശാസ്ത്ര പ്രക്രിയാശേഷി വർ ദ്ധിപ്പിക്കുക.ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വർ ദ്ധിപ്പിക്കുക | അക്കാദിമിക വർ ഷം | ശാസ്ത്രധ്യാപകൻ | |

# അറബിക്

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുതിയ പദം പരിയപ്പെടൽ.ആഴ്ചയിൽ ഒരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ചു വാക്കുകൾ കഥകവിതാ പുസ്തകത്തിൽ നിന്നോ പ്രൊജക്റ്റർ സ്ക്രീനിൽ കഥ കവിത എന്നിവ കാണിച്ചു ശേഖരിക്കുവാൻ സാഹചര്യം ഒരുക്കുന്നു സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും അതിനുവേണ്ട പ്രോത്സാഹനവും നൽകുന്നു | അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപകർ | |
| ചിത്രങ്ങൾ ലഘു കവിതകൾ സംഭാഷണം പദപ്രശ്നം തുടങ്ങിയവ ഉൾക്കൊള്ളുന്ന കയ്യെഴുത്തു മാഗസിനുകൾ തയ്യാറാക്കുന്നു | കുട്ടികൾക്കുള്ള സർഗ്ഗശേഷി വർദ്ധിപ്പിക്കുക | ഓരോ മാസവും | അറബിക് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| യൂണിറ്റ് തല നിഘണ്ടു നിർമ്മാണം ഓരോ യൂണിറ്റും കഴിയുന്ന മുറയ്ക്ക് അതിൻറെ നിഘണ്ടു നിർമ്മിക്കുന്നു | അറബി ഭാഷ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | ജൂൺ മുതൽ ഫെബ്രുവരി | അധ്യാപകർ സന്നദ്ധത സംഘടനകൾ സ്പോൺസർ | |
| ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ചുമർപത്രങ്ങൾ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം | ജൂൺ മുതൽ ഫെബ്രുവരി | അധ്യാപകർ | |
| ഒരു ദിനം ഒരറിവ് എന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ ദിവസവും ക്ലാസ് റൂമുകളിൽ ഒരു ചോദ്യം ഭാഷയിൽ അവതരിപ്പിച്ച് ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടുന്നു അവസാനഘട്ടത്തിൽ ഈ നൽകിയ ചോദ്യങ്ങൾ ക്രോഡീകരിച്ച് ഒരു പുസ്തകരൂപത്തിൽ ആക്കുന്നു | അറിവിൻ തിളക്കം | ജൂൺ മുതൽ ഫെബ്രുവരി | അധ്യാപകർ | |

# സംസ്കൃതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലബ്ബ് രൂപീകരണം പഠനോപകരണ നിർമ്മാണം ഗൃഹ സന്ദർശനം പഠനയാത്ര | കരിക്കുലം ലക്ഷ്യം വയ്ക്കുന്ന ഭാഷാ പഠന നേട്ടങ്ങൾ | ജൂൺ- മാർച്ച് | | |
| ക്വിസ് മത്സരം മാതൃക ചോദ്യപേപ്പർ | മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ജൂൺ- മാർച്ച് | | |
| നാടകം ,കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു | ആസ്വാദനലോകം | 5 മാസം | സംസ്കൃതം അധ്യാപിക | |

| | | | | |
|---|---|---|---|---|
| പ്രത്യേക ക്ലാസുകൾ *പഠനോപകരണങ്ങൾ നൽകുന്നു | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ളത് | ജൂൺ- മാർച്ച് | | |
| വാക്കുകൾ എഴുതിയ കാർഡ് അക്ഷരമാല പ്രദർശനം അക്ഷരമാല നിർമ്മിക്കൽ പാട്ടുകൾ, കഥകളും കേൾപ്പിക്കുക | യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ജൂൺ - ഓഗസ്റ്റ് | | |
| ഭാഷാജ്ഞാനം അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷരക്കാട് | ഇന്ത്യയുടെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം | ജൂൺ - ഓഗസ്റ്റ് | | |
| പറയാൻ പഠിക്കാം- ചിത്രങ്ങളുടെ പേര് പറയൽ ചിത്രകഥകൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | പദങ്ങൾ സ്വായത്തമാക്കുക | ജൂൺ ജൂലൈ | | |
| വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കൽ | വീട് ഒരു പരീക്ഷണശാല | സെപ്റ്റംബർ ഒക്ടോബർ | | |
| ക്ലാസിൽ ആദ്യത്തെ അഞ്ചു മിനിറ്റിൽ ഒരു കുട്ടി വീതം വായിക്കുക | കുട്ടിയെ വായനാ ലോകത്തിലേക്ക് കൊണ്ടുവരൽ | | | |

## ഹിന്ദി

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | 5 6 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ച എടുക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും | തെറ്റുകൂടാതെ ഹിന്ദി വായിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ഇന്ത്യയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും<br>വായനയ്ക്ക് ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും റീഡറി ഫൈറ്റ് മത്സര വായന തെറ്റാതെ ആവർത്തിക്കാതെ കൂടുതൽ വരി വായിക്കണം ആ കുട്ടിക്ക് സമ്മാനം നൽകുന്നു | ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഇന്ത്യയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# English

| Aim | activities | month | responsible | Economic source |
|---|---|---|---|---|
| Develop basic reading writing listening and speaking skills | Divides the students into small groups<br>And provide reading materials and let them share their ideas<br>Symbol and interesting stories provides to the learners and encourage them to speak in English give practice to children to perform according to instructions .Practice for | June to December | English teacher | English class |

| | | | | |
|---|---|---|---|---|
| | simple creative writing tasks like paragraphs short stories etc... interactive grammar games language games conducted | | | |
| Expand vocabulary | <u>One day one word</u><br>study a word (each day )vocabulary games | July to February | English teacher | English club |
| English assembly | Conduct English assembly | January to march | English teacher | English club |
| Creative writing | Let then write English skit at give chance to role play it | January to march | English teacher | English club |

## <u>യു.പി. സാമൂഹ്യശാസ്ത്രം</u>

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | ജൂൺ - സെപ്റ്റംബർ | വിഷയാധ്യാപകൻ | |
| അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | | സെപ്റ്റംബർ - ഡിസംബർ | വിഷയാധ്യാപകൻ | |
| ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | നവംബർ | വിഷയാധ്യാപകൻ | |

| | | | | |
|---|---|---|---|---|
| പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | | | | |

## യു.പി.മലയാളം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാകേളി<br>* അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു.<br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | ജൂൺ- ആഗസ്ത് | മലയാളം അധ്യാപിക | |
| പത്രം,ലൈബ്രറി പുസ്തകങ്ങൾ എന്നിവ വായിക്കാനും അവതരിപ്പിക്കുന്നു. ക്വിസ്സ് മത്സരം സംഘടിപ്പിക്കുന്നു. | ആശയവ്യക്തതയോടെയുള്ള വായന ഉറപ്പു വരുത്തുന്നു | ആഗസ്ത് - ഡിസംബർ | മലയാളം അധ്യാപിക | |
| പാഠഭാഗങ്ങളുടെ ലഘു നാടകങ്ങൾ, കവിയരങ്ങ് തുടങ്ങിയവ സംഘടിപ്പിക്കുന്നു | കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക | ജൂൺ- മാർച്ച് | മലയാളം അധ്യാപിക, SRG | PTA |
| കുട്ടീസ് റേഡിയോ<br>* കുട്ടീസ് റേഡിയോയിലൂടെ പത്രവാർത്ത, സ്കൂൾ വാർത്ത, ദിനാചരണങ്ങൾ, കവിതാലാപനം, പ്രസംഗം, പുസ്തകാസ്വാദനം തുടങ്ങിയവ അവതരിപ്പിക്കുന്നു. | | ജൂൺ- മാർച്ച് | SRG | |